(സി) നാഷണൽ സേവിംഗ്സ് പദ്ധതി പ്രകാരം സമാഹരിക്കപ്പെട്ട തുക 1304.41 കോടി രൂപയാണ്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011-ൽ സംസ്ഥാനത്തിന്റെ മൊത്തം പൊതുകടം 78673.24 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 31-12-2014 വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം ഇത് നിലവിൽ 1,28,095.05 കോടി രൂപയാണ്. 49,421.81 കോടി രൂപയുടെ വർദ്ധനവാണ് പൊതുകടത്തിൽ ഉണ്ടായിട്ടുള്ളത്.

(ഇ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം സംസ്ഥാന ഗവൺമെന്റ് കൊടുത്തു തീർക്കുവാനുള്ള കടബാദ്ധ്യത 31-12-2014 വരെ ആകെ 1,28,095.05 കോടി രൂപയാണ്.

## പ്രവാസി നിക്ഷേപങ്ങൾ

154 (500) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ നിക്ഷേപങ്ങൾ സംസ്ഥാനത്തിന്റെ വികസനത്തിന് വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രവാസികളുടെ നിക്ഷേപമായി വിവിധ ബാങ്കുകളിൽ എത്ര തുകയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രവാസി മലയാളികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപസാധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കൈത്താങ്ങായി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുമായി നോർക്ക 'ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ' എന്ന ഒരു പദ്ധതി സംസ്ഥാന സർക്കാർ നോർക്ക വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ നോർക്ക റൂട്ട്സ് വഴി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് വിദേശ മലയാളികളെ ആകർഷിക്കുന്നതിനായി മറ്റൊരു പുതിയ പദ്ധതിയും (engaging diaspora for investment in the state) ആവിഷ്കരിച്ചിട്ടുണ്ട്.

(സി) പ്രവാസികളുടെ നിക്ഷേപമായി വിവിധ ബാങ്കുകളിലുള്ള തുക ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

| | (തുക കോടിയിൽ) |
|---|---|
| 1. സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ് | 38211.04 |
| 2. ദേശസാൽകൃത ബാങ്കുകൾ | 19913.69 |
| 3. കേരള ഗ്രാമീൺ ബാങ്കുകൾ | 300.08 |
| 4. സ്വകാര്യ ബാങ്കുകൾ | 39040.55 |
| 5. സഹകരണ ബാങ്കുകൾ | 0.68 |
| ആകെ | 97466.04 |

**ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണം**

155 (501) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന കാര്യം വിശദമാക്കുമോ ;

(ബി) അനധികൃത പലിശ, ആകർഷകങ്ങളായ പലിശ, മറ്റ് വാഗ്ദാനങ്ങൾ എന്നിവ നൽകി നിക്ഷേപം സ്വീകരിച്ചശേഷം കബളിപ്പിച്ചു സാമ്പത്തിക കുറ്റകൃത്യങ്ങൾ നടത്തുന്നവരുടെ സ്വത്ത് വകകൾ പിടിച്ചെടുക്കുന്നതടക്കമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് ഉണ്ടാക്കിയ നിയമങ്ങൾ പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുന്നവരുടെ താല്പര്യം സംരക്ഷിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സംഗതികൾക്കും വേണ്ടി കേരള നിയമസഭ '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ബിൽ ' പാസ്സാക്കിയിരുന്നു. ഈ ബില്ലിന് 2015 ജനുവരി 31-ാം തീയതി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അനുമതി ലഭിച്ചതിനെത്തുടർന്ന് 2015 ഫെബ്രുവരി 16-ാം തീയതിയിലെ 364-ാം നമ്പർ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം സംസ്ഥാനത്ത് '2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്ട്' പ്രാബല്യത്തിൽ വന്നു. ടി നിയമത്തിൽ പൊതുജനങ്ങളിൽനിന്ന് നിക്ഷേപം സ്വീകരിച്ചശേഷം നിക്ഷേപകരെ കബളിപ്പിച്ച് സാമ്പത്തിക കുറ്റകൃത്യം നടത്തുന്നവരുടെ സ്വത്തുവകകൾ ജപ്തി ചെയ്യുന്നതിനും ഇത്തരം കുറ്റസ്ഥാപനത്തിന്മേൽ

LIBRARY ARCHIVES Kerala Legislative Assembly